കേരള സർക്കാറിന്റെ ആരോഗ്യ, മൃഗസംരക്ഷണ, ഭക്ഷ്യ, ഫിഷറീസ്, കൃഷി തുടങ്ങിയ വകുപ്പുകൾ രോഗാരോഗ്യ സംഘടന (WHO) യുടേയും ലോകമൃഗാരോഗ്യ സംഘടന (OIE) യുടേയും സഹകരണത്തോടെ എ എം ആറിന്റെ വ്യാപനം കുറയ്ക്കുന്നതിനായി കർസാപ്പ് (KARSAP കേരള ആന്റിബയോട്ടിക് റസിസ്റ്റൻസ് സ്ട്രറ്റജിക്ക് ആക്ഷൻ പ്ലാൻ) എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആയതു പ്രകാരം മാംസത്തിലും, പാലിലും മുട്ടയിലും അനുവദനീയമായ ആന്റിബയോട്ടിക് അളവുകൾ നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇവയിൽ അധികം കണ്ടെത്തുകയോ, ഉപയോഗിയ്ക്കുന്നവർക്ക് ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാവുകയോ ചെയ്താൽ ഏഴുവർഷം വരെ തടവോ ഏഴു ലക്ഷം രൂപ വരെ പിഴയോ നൽകാവുന്ന കുറ്റമായി പ്രഖ്യാപിച്ചിട്ടുമുണ്ട്. വരും കാലങ്ങളിൽ പക്ഷിമൃഗാദികളിൽ നിന്നുള്ള ഭക്ഷ്യോൽപ്പന്നങ്ങൾ വിപണിയിൽ എത്തുന്നതിനു മുമ്പ് ആന്റിബയോട്ടിക്കുകളുടേയും മറ്റു മരുന്നുകളുടേയും സാന്നിധ്യം ഇല്ലാ എന്നുറപ്പാക്കേണ്ടത് ഉൽപാദകരുടെ ഉത്തരവാദിത്വമാണ്.

ആന്റിബയോട്ടിക് പ്രതിരോധം അഥവാ എ എം ആർ എന്നത് ഈ നൂറ്റാണ്ടിലെ പ്രധാന പൊതുജനാരോഗ്യ പ്രശ്നമാണ്. ജനങ്ങളുടെ ആരോഗ്യം മൃഗങ്ങളുടേയും പരിസ്ഥിതിയുടേയും ആരോഗ്യവുമായി ബന്ധപ്പെട്ടിരിയ്ക്കുന്നതിനാൽ മൃഗങ്ങളിലും ഭക്ഷ്യവിളകളിലും ആന്റിബയോട്ടിക്കുകൾ ഉപയോഗിയ്ക്കുന്നതിൽ അശ്രദ്ധ ഒഴിവാക്കണം. വൃത്തിയും ശുചിത്വവും പാലിയ്ക്കാത്തതിനുള്ള പരിഹാരമാർഗമല്ല ആന്റിബയോട്ടിക്കുകൾ. രോഗപ്രതിരോധങ്ങൾക്ക് ആവനാഴിയിലെ അവസാനത്തെ ശരങ്ങളായ ആന്റിബയോട്ടിക്കുകളെ സൂക്ഷ്മതയോടെ ഉപയോഗിയ്ക്കണം എന്നും നിലവിലുള്ള ആന്റിബയോട്ടിക് ശേഖരത്തെ അതീവ ശ്രദ്ധയോടെ ഉപയോഗിച്ച് വരും തലമുറയ്ക്ക് പ്രയോജനപ്പെടുന്നതിനായി കാത്തുസൂക്ഷിയ്ക്കണമെന്നുമുള്ള ആർജ്ജവവും അവബോധവും നാമോരോരുത്തർക്കും ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണ്.



മൃഗസംരക്ഷണ വകുപ്പിനു വേണ്ടി ഡോ. റെനി ജോസഫ് (പ്രിൻസിപ്പൽ ട്രെയിനിങ് ഓഫീസർ)
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ, കുടപ്പനക്കുന്ന് പബ്ലിഷ് ചെയ്യുന്നത്

കേരള സർക്കാർ
മൃഗസംരക്ഷണ വകുപ്പ്
ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്റർ
കുടപ്പനക്കുന്ന്, തിരുവനന്തപുരം

# AMR
## ആന്റിമൈക്രോബിയൽ റസിസ്റ്റൻസ്

# സൂക്ഷ്മാണുക്കൾക്കെതിരെ പ്രതിരോധം

ബാക്ടീരിയകൾ, വൈറസുകൾ, പരാദങ്ങൾ, പൂപ്പൽ, പ്രോട്ടോസോവ തുടങ്ങിയ രോഗാണുക്കൾക്കെതിരെ ഉപയോഗിയ്ക്കുന്ന മരുന്നുകളെ പൊതുവിൽ ആന്റി മൈക്രോബിയൽ മരുന്നുകൾ എന്നു വിളിയ്ക്കുന്നു. ഈ മരുന്നുകൾക്കെതിരെ രോഗാണുക്കളാർജ്ജിയ്ക്കുന്ന പ്രതിരോധമാണ് ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് (AMR). മാനവരാശിയുടേയും ജീവജാലങ്ങളുടേയും നിലനിൽപ്പിനു തന്നെ കടുത്ത വെല്ലുവിളി ഉയർത്തുന്ന ഒരു പൊതുജനാരോഗ്യ പ്രശ്നമാണ് ആന്റിമൈക്രോബിയൽ പ്രതിരോധം അഥവാ എ എം ആർ.

മനുഷ്യരിലും മൃഗങ്ങളിലും കാണുന്ന രോഗാണുബാധകൾക്ക് നിലവിൽ ഏറ്റവും ഫലപ്രദമായ ചികിത്സാ മാർഗം ആന്റിബയോട്ടിക്കുകളാണ്. എന്നാൽ ഈ ആന്റിബയോട്ടിക്കുകളുടെ ദുരുപയോഗം മൂലം രോഗാണുക്കൾ ഈ മരുന്നുകൾക്ക് എതിരെ പ്രതിരോധ ശേഷി കൈവരിച്ചാൽ രോഗങ്ങൾക്കെതിരെ ആന്റിബയോട്ടിക്കുകൾ ഫലപ്രദമാകാത്ത ഒരു അവസ്ഥ ഉണ്ടാകും. പ്രതിരോധ ശേഷി കൈവരിച്ച രോഗാണുക്കൾ മൃഗങ്ങളിൽ നിന്നും മനുഷ്യരിലേയ്ക്കും തിരിച്ചും ഭക്ഷ്യ ശൃംഖല വഴി പ്രവേശിച്ചാൽ ചികിത്സിച്ചു ഭേദമാക്കാൻ ബുദ്ധിമുട്ടുള്ള രോഗങ്ങൾ ഉണ്ടാകുന്നു. ഇത്തരം രോഗങ്ങൾ വളർത്തു മൃഗങ്ങളുടെ ഉൽപാദനക്ഷമതയിൽ ഗണ്യമായ കുറവുണ്ടാക്കുകയോ അവയുടെ മരണത്തിനു തന്നെയോ കാരണമാകുന്നതിലൂടെ കർഷകർക്കും മൃഗസംരക്ഷണ മേഖലയ്ക്കും കനത്ത സാമ്പത്തിക നഷ്ടത്തിന് വഴിയൊരുക്കുന്നു.

അടിയന്തര നടപടികൾ സ്വീകരിച്ചില്ലെങ്കിൽ 2050 ൽ പ്രതിവർഷം ഒരു കോടി ആളുകളുടെ മരണത്തിനു വരെ ഇടയാക്കാവുന്ന ഒരു പൊതുജനാരോഗ്യ പ്രതിസന്ധിയായി എ എം ആർ മാറുമെന്നാണ് പഠന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്

## എ എം ആർ കാരണങ്ങൾ:

- ആഗോളതലത്തിൽ ആന്റിബയോട്ടിക് മരുന്നുകളുടെ വർദ്ധിച്ച വിതരണവും ഉപഭോഗവും
- ആന്റിബയോട്ടിക്കുകളുടെ അനാവശ്യവും അമിതവുമായ ഉപയോഗം
- പക്ഷിമൃഗാദികൾക്ക് വെറ്റിനറി ഡോക്ടറുടെ നിർദ്ദേശപ്രകാരമല്ലാതെ നൽകുന്ന ആന്റിബയോട്ടിക്ക് ചികിത്സയും ഡോക്ടറുടെ നിർദ്ദേശപ്രകാരമുള്ള ചികിത്സാ ക്രമം പാലിയ്ക്കാതിരിയ്ക്കലും.
- പോഷകാഹാരക്കുറവുമൂലം പ്രതിരോധ ശേഷി കുറയുന്നത്.
- ശുദ്ധ ജലത്തിന്റേയും വായു സഞ്ചാരത്തിന്റേയും കുറവുള്ള പാർപ്പിടങ്ങളിൽ പക്ഷി മൃഗാദികളിലുണ്ടാകുന്ന സമ്മർദം.
- വൃത്തിഹീനമായതും ജൈവസുരക്ഷയില്ലാത്തതുമായ ചുറ്റുപാടുകളിൽ മൃഗങ്ങളെ വളർത്തുന്നത് മൂലമുള്ള രോഗബാധകൾ.
- സൂപ്പർ ബഗ്ഗുകളുടെ (ജനിതകമാറ്റങ്ങൾ മൂലം നിലവിലുള്ള ആന്റിബയോട്ടിക് ചികിത്സാരീതികൾ ഫലപ്രദമല്ലാത്തവയായി ഉരുത്തിരിയുന്ന, തീവ്ര അണുബാധകൾക്കും ഉയർന്ന മരണ നിരക്കിനും കാരണമാകുന്ന സൂക്ഷ്മാണുക്കൾ) ആവിർഭാവം

ആന്റിബയോട്ടിക്കുകളുടെ കരുതലോടുള്ള ഉപയോഗമാണ് എ എം ആറിനെ പ്രതിരോധിക്കുന്നതിനുള്ള ഏറ്റവും ഫലപ്രദമായ നടപടി. ഡോക്ടറുടെ നിർദ്ദേശമില്ലതെ സ്വയം ആന്റിബയോട്ടിക്കുകൾ വാങ്ങി പക്ഷി മൃഗാദികൾക്ക് നൽകുന്നത് പൂർണ്ണമായി ഒഴിവാക്കണം. ഡോക്ടർ നിർദ്ദേശിയ്ക്കുന്നതിൽ കൂടുതലോ കുറഞ്ഞതോ ആയ അളവിലോ കാലയളവിലോ ഈ മരുന്നുകൾ ഉരുക്കൾക്ക് നൽകരുത്. ചികിത്സാ കാലയളവിൽ ആന്റിബയോട്ടിക്കുകൾ പാലിലും മുട്ട, ഇറച്ചി എന്നിവയിലും ഉണ്ടാകുമെന്നതിനാൽ ഓരോ മരുന്നിനും നിഷ്കർഷിച്ചിട്ടുള്ള കാലയളവിന് (withdrawal period) ശേഷം മാത്രം വിൽക്കാൻ / ഭക്ഷിക്കാൻ ശ്രദ്ധിക്കണം. കൂടാതെ മിച്ചം വരുന്ന മരുന്നോ അവയുടെ കുപ്പികളോ ജലാശയങ്ങളിലോ കിണറ്റിലോ മണ്ണിലോ വലിച്ചെറിയരുത്. രോഗം വരാതിരിയ്ക്കുവാനും വളർച്ച കൂട്ടുവാനും വേണ്ടി പക്ഷിമൃഗാദികളിൽ ആന്റിബയോട്ടിക്കുകൾ ഉപയോഗിയ്ക്കരുത്. വൈറസ് രോഗങ്ങൾക്ക് ആന്റിബയോട്ടിക്കുകൾ ഫലപ്രദമല്ല എന്ന് തിരിച്ചറിയുക, ആയതിനാൽ കുളമ്പുരോഗം, ആടുവസന്ത, പന്നിപ്പനി, കോഴി വസന്ത തുടങ്ങിയ പടർന്നുപിടിയ്ക്കുന്ന വൈറസ് രോഗങ്ങൾക്ക് ആന്റിബയോട്ടിക്കുകൾ നൽകുന്ന ശീലം ഒഴിവാക്കുക പകരം ഇത്തരം രോഗങ്ങൾക്ക് ഫലപ്രദമായ പ്രതിരോധ കുത്തിവയ്പ്പുകൾ ഉരുക്കൾക്കു യഥാസമയം നൽകാൻ ശ്രദ്ധിക്കുക.



## സ്വീകരിയ്ക്കേണ്ട നടപടികൾ

- പക്ഷിമൃഗാദികൾക്ക് വെറ്റിനറി ഡോക്ടറുടെ നിർദേശപ്രകാരം മാത്രം ആന്റിബയോട്ടിക്കുകൾ നൽകുക.
- ഡോക്ടർ നിർദ്ദേശിയ്ക്കുന്ന അളവിലും, ക്രമത്തിലും, കാലയളവിലും മാത്രം മരുന്നുകൾ നൽകുക.
- ഉരുക്കളുടെ ആരോഗ്യത്തിനു ആവശ്യമായ പോഷകാഹാരങ്ങൾ നൽകി രോഗബാധ തടയുക.
- ശുദ്ധജലവും വായുസഞ്ചാരവും ലഭിയ്ക്കുന്ന പാർപ്പിട സംവിധാനം ഒരുക്കുക.
- പാൽ, മുട്ട, ഇറച്ചി എന്നിവ ശരിയായി പാചകം ചെയ്തു മാത്രം ഭക്ഷിയ്ക്കുക.
- ലഭ്യമായ എല്ലാ പ്രതിരോധ കുത്തിവയ്പ്പുകളും യഥാസമയം ഉരുക്കൾക്കു നൽകുക.
- ഫാമുകളിൽ വൃത്തിയും ശുചിത്വവും ഉറപ്പാക്കുക.